## പതിമൂന്നാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. *223 — 20.06.2012-ൽ മറുപടിക്ക്

### അന്യസംസ്ഥാനതൊഴിലാളികളുടെ ക്ഷേമനിധി അംഗത്വം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ടി.വി. രാജേഷ്<br>ശ്രീ. പി.കെ. ഗുരുദാസൻ<br>ശ്രീ. കെ. വി.വിജയദാസ്<br>പ്രൊഫ. സി. രവീന്ദ്രനാഥ് | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |
| (എ) അന്യസംസ്ഥാന തൊഴിലാളികൾക്ക് ന്യായമായ വേതനവും ജീവിതസാഹചര്യവും ഉറപ്പുവരുത്തുന്നതും തൊഴിൽ ചൂഷണം ഒഴിവാക്കാനും ഇതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | (എ) 1948 - ലെ മിനിമം വേജസ് ആക്ട് പ്രകാരം വിവിധ തൊഴിൽ മേഖലകളിൽ നിശ്ചയിച്ചിട്ടുള്ള സേവനവേതന വ്യവസ്ഥകൾ അന്യസംസ്ഥാന തൊഴിലാളികൾക്കും ബാധകമാണ്. ഇക്കാര്യം അന്യസംസ്ഥാന തൊഴിലാളികളെ ബോദ്ധ്യപ്പെടുത്തുന്നതിനുവേണ്ടി ബോധവൽക്കരണ സെമിനാറുകൾ സംഘടിപ്പിക്കുകയും പരിശോധനാ വേളയിൽ അവർക്ക് ടി വേതനം ലഭിക്കുന്നുണ്ട് എന്ന് ഉറപ്പാക്കുകയും ചെയ്യുന്നു. ടി തൊഴിലാളികളുടെ ജീവിത സാഹചര്യം മെച്ചപ്പെട്ടതാണോയെന്ന് സ്ക്വാഡ് പരിശോധനയിലൂടെ കണ്ടെത്തുകയും ചെയ്യുന്നുണ്ട്. |
| (ബി) ക്ഷേമനിധികളിൽ അംഗങ്ങളാകുന്ന അന്യസംസ്ഥാന തൊഴിലാളികൾ കുറവാണ് എന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) പരമാവധി തൊഴിലാളികളെ ക്ഷേമനിധിയിൽ അംഗങ്ങളാക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | അന്യസംസ്ഥാന തൊഴിലാളികൾക്കായി 'കേരള കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതി' , എന്ന പേരിൽ ഒരു ക്ഷേമ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതി പ്രകാരം സംസ്ഥാനത്ത് ജോലി ചെയ്യുന്ന അന്യസംസ്ഥാന തൊഴിലാളികളുടെ വിവരം ശേഖരിക്കുകയും അവർക്ക് ഫോട്ടോ |

പതിച്ച തിരിച്ചറിയൽ കാർഡ് നൽകി വരുകയും ചെയ്യുന്നു. കെട്ടിട നിർമ്മാണ മേഖലയിൽ ജോലി ചെയ്യുവരുന്ന അന്യസംസ്ഥാന തൊഴിലാളികളുടെ കാര്യത്തിൽ അവർ ജോലി ചെയ്യുന്ന സ്ഥലങ്ങളിൽ ചെന്ന് അവരെ രജിസ്റ്റർ ചെയ്യാനുള്ള സംവിധാനവും ഒരുക്കി യിട്ടുണ്ട്. ക്ഷേമ പദ്ധതികളെക്കുറിച്ച് അന്യസംസ്ഥാന തൊഴിലാളികളെ ബോധവത്ക്കരിക്കുന്നതിനായി ജില്ലാ ലേബർ ഓഫീസർമാർ ജില്ലാതല സെമിനാറുകൾ, ബോധവത്ക്കരണ ക്ലാസ്സുകൾ, ക്യാമ്പുകൾ എന്നിവ സംഘടിപ്പിച്ചു വരുന്നു. ക്ഷേമനിധിയിൽ അംഗങ്ങളാകുന്നതിന്റെ ആവശ്യകത യെക്കുറിച്ച് മാധ്യമങ്ങളിലൂടെ പ്രചാരണം നടത്തുന്നുണ്ട്.

സെക്ഷൻ ആഫീസർ